# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2975 13.07.2015-ൽ മറുപടിയ്ക്ക്

### റോഡ് അപകടങ്ങൾ

**ചോദ്യം**

ശ്രീ. വി.ഡി.സതീശൻ
ശ്രീ.എ.റ്റി.ജോർജ്
ശ്രീ.ലൂഡി ലൂയിസ്
ശ്രീ.എം.എ.വാഹീദ്

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും
വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) കഴിഞ്ഞ വർഷം റോഡപകടങ്ങളിൽ മരിച്ചവരുടെ എണ്ണം കാൽനടയാത്രക്കാർ, ബൈക്ക് യാത്രികർ, മറ്റ് വാഹനങ്ങളിലെ യാത്രക്കാർ എന്നിങ്ങനെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) റോഡപകടങ്ങളിൽ 4,049 പേർ മരണമടഞ്ഞു. ഇതിൽ 1,712 ബൈക്ക് യാത്രികരും, 1,270 കാൽനടയാത്രക്കാരും മറ്റ് വാഹനങ്ങളിലെ 1,067 യാത്രക്കാരും ഉൾപ്പെടുന്നു.

(സി) ട്രാഫിക് നിയമങ്ങൾ പാലിക്കാത്തതും അമിത വേഗതയും മൂലമാണ് അപകടങ്ങൾ വർദ്ധിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) എങ്കിൽ ആയത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി കർശനവും സുരക്ഷിതവുമായ രീതിയിൽ വാഹന പരിശോധന നടത്തി വരുന്നുണ്ട്. മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടുപിടിച്ച് ക്രൈം കേസ്സുകൾ രജിസ്റ്റർ

ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിന് ബന്ധപ്പെട്ട ആർ.റ്റി.ഒ മാർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. അപകട സാദ്ധ്യതാ മുന്നറിയിപ്പ് ബോർഡുകൾ, അമിത വേഗതാ നിയന്ത്രണത്തിനായി സ്പീഡ് ബ്രേക്കറുകൾ, സ്പീഡ് റഡാറുകൾ എന്നിവ സ്ഥാപിക്കുകയും, ബ്ലാക്ക് സ്പോട്ടുകളായ സ്ഥലങ്ങൾ കണ്ടു പിടിച്ച് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ബ്ലിങ്കർ ലൈറ്റുകൾ, ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, ദേശീയ പാതകളിൽ അമിത വേഗം നിയന്ത്രിക്കുന്നതിനായി സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രധാന ജംഗ്ഷനുകളിൽ ക്യാമറ സ്ഥാപിച്ച് നിരീക്ഷണങ്ങൾ നടത്തി ട്രാഫിക്ക് നിയമലംഘനങ്ങൾ കണ്ടെത്തി പ്രസ്തുത വാഹനങ്ങളിൽ നിന്നും പിഴ ഈടാക്കി വരുന്നു.

സെക്ഷൻ ഓഫീസർ